1. കൃഷി

2. മൃഗപരിപാലനം

3. മത്സ്യബന്ധനം

4. ജലസേചനം

5. ഊർജ്ജം

6. വ്യവസായം

7. റോഡുകളും പാലങ്ങളും

8. ഐ.ടി.-ഇ ഗവേർണസ്

9. വനവും വന്യജീവികളും

10. ടൂറിസം

11. പൊതുജനാരോഗ്യം

12. ശുദ്ധ ജലവിതരണം

13. നഗര വികസനം

സംസ്ഥാനത്തിന്റെ തനത് നികുതി മേഖലയിൽ നിന്നാണ് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നത്.

ഡയറി യൂണിറ്റുകൾ

67 (1441) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുതായി എത്ര ഡയറി യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും വകകൊള്ളിച്ചു; അതിൽ എത്ര തുകവരെ ചെലവഴിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കുമോ; ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2 പശു ഡയറി യൂണിറ്റുകൾ 4388 എണ്ണവും 5 പശു ഡയറി യൂണിറ്റുകൾ 1321 എണ്ണവും 10 പശു ഡയറി യൂണിറ്റുകൾ 489 എണ്ണവും 20 പശു ഡയറി യൂണിറ്റുകൾ 27 എണ്ണവും ഗോകുലം ഡയറി യൂണിറ്റുകൾ 7 എണ്ണവും കിടാരി യൂണിറ്റുകൾ 975 എണ്ണവും ഉൾപ്പെടെ 7207 ഡയറി യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കറവപ്പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനും തൊഴുത്ത്, ചാണകക്കുഴി എന്നിവയുടെ നിർമ്മാണത്തിനും, പശുക്കളുടെ കടത്തുകൂലി, ഒരു മാസത്തേയ്ക്കുള്ള കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം സഹായധനം അനുവദിച്ചുവരുന്നു.

(സി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സംയോജിത ക്ഷീരവികസന പദ്ധതി എന്നിവയിലുൾപ്പെടുത്തിയാണ് ഡയറി യൂണിറ്റുകൾ സ്ഥാപിച്ചുപോരുന്നത്.

(ഡി)

വർഷം	വക കൊള്ളിച്ചത്	ചെലവഴിച്ചത്
2011-12	640 ലക്ഷം	639.94 ലക്ഷം
2012-13	1300 ലക്ഷം	1299.66 ലക്ഷം
2013-14	1967 ലക്ഷം	1966.74 ലക്ഷം
2014-15	2607 ലക്ഷം	2606.77 ലക്ഷം
2015-16	3625 ലക്ഷം	പൂർത്തീകരിച്ചുവരുന്നു

വലിയതുറ സ്വീവേജ് ഫാം

68 (1442) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വലിയതുറ സ്വീവേജ് ഫാമിന്റെ കൈവശമുണ്ടായിരുന്ന 131.8 ഏക്കർ ഭൂമിയിൽനിന്നും നിശ്ചിത ഭൂമി ഏതാനും ഏജൻസികൾക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ച മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3-2-2012-ൽ ചേർന്ന യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;